**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

30-05-2021

# കാർഷികവാർത്തകൾ

## 1. ഓണത്തിന് ഒരുമുറം പച്ചക്കറി

'ഓണത്തിന് ഒരുമുറം പച്ചക്കറി' എന്ന ആശയം പ്രായോഗികമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും, വനിത ഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തിരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും ജൂൺ പകുതിയോടെ ലഭ്യമാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

## 2. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരിൽനിന്നും ക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക്തല ക്ഷീരവികസന യൂണിറ്റ് ഓഫീസിലോ സമീപത്തെ ക്ഷീരസഹകരണസംഘത്തിലോ ജൂൺമാസം ഇരുപത്തി ഒന്നാം തീയതിയ്ക്കു മുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

## 3. ടെലിവെറ്ററിനറി സംവിധാനം

സംസ്ഥാനത്ത് കോവിഡ് വ്യാപനവും ലോക്ക്ഡൌണും തുടരുന്ന സാഹചര്യത്തിൽ വളർത്തുമൃഗങ്ങളുടെ പരിപാലനവും മൃഗചികിത്സയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരക്കുന്നതിനും ചികിത്സ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പ് ടെലിവെറ്ററിനറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ രാവിലെ എട്ടുമണിമുതൽ ഉച്ചയ്ക്ക് ഒരുമണിവരെ പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പരുകൾ ഇനി പറയുന്നു.

| | |
|---|---|
| തിരുവനന്തപുരം -0471-2302643 | കൊല്ലം -0474-2795076 |
| പത്തനംതിട്ട - 0468-2270908 | ആലപ്പുഴ - 0477-2252635 |
| കോട്ടയം - 0481 -2564623 | ഇടുക്കി - 0486-2223878 |
| എറണാകുളം -0484-2351264 | തൃശ്ശൂർ - 0487-2440232 |
| പാലക്കാട് - 9447303310 | മലപ്പുറം - 0483- 2734815 |
| കോഴിക്കോട് -0495-2368349 | വയനാട് -04936 -202729 |
| കണ്ണൂർ - 0497- 2700184 | കാസർഗോഡ് - 04994-224624 |

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ഓൺലൈൻ പരിശീലനങ്ങൾ**

4. റബ്ബർ നടീലിനെ കുറിച്ച് **റബ്ബർ ബോർഡ്** ഓൺലൈൻ പരിശീലനം നൽകുന്നു. ജൂൺ മാസം ഒന്നാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ മലയാളത്തിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് 0481–2353127 എന്ന ഫോൺ നമ്പരിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പരിലും ബന്ധപ്പെടാവുന്നതാണ്. മെയിൽ ഐ ഡി training@rubberboard.org.in

5. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖ ഓൺലൈൻ ഭാഷണ പരമ്പരയിൽ മാലിന്യസംസ്കരണം മഴക്കാലത്ത്, മൃഗങ്ങളിലെ സാധാരണ ദഹനസംബന്ധമായ രോഗങ്ങൾ, മഴക്കാല കുളമ്പുരോഗങ്ങളും പ്രതിവിധികളും, കന്നുകാലികളിലെ വിഷബാധ, പശുക്കളിലെ പ്രത്യുല്പാദനം- കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കിടാങ്ങളുടെ മഴക്കാല പരിചരണം, സൂക്ഷ്മ -ഇടത്തരം മാംസ സംസ്കരണ സംരംഭങ്ങൾ, മഴക്കാലരോഗങ്ങളും പ്രതിരോധമാർഗങ്ങളും, മൃഗങ്ങളിലെ മൂത്രാശയ രോഗങ്ങളും പ്രതിവിധികളും, കാലാവസ്ഥയും പക്ഷി വളർത്തലും എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നു. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. 9446625160 / 9895213500**

6. **തിരുവനന്തപുരംവെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ** ജൈവപച്ചക്കറി കൃഷി, കൃഷിച്ചിലവ് നിയന്ത്രക്കാൻ കാർഷിക യന്ത്രവൽക്കരണം, ശാസ്ത്രീയ തെങ്ങുകൃഷി, ചക്കയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും , ശാസ്ത്രീയ കൂൺകൃഷി, ശാസ്ത്രീയ നെൽകൃഷി, വാഴപ്പഴത്തിന്റെ മൂല്യദ്ധിത ഉൽപ്പന്നങ്ങൾ, വർഷം മുഴുവൻ കൃഷി ചെയ്യുവാൻ മഴമറ, പച്ചക്കറികൃഷിയിൽ ജൈവ രോഗ-കീട നിയന്ത്രണ മാർഗങ്ങൾ, മട്ടുപ്പാവിലെ പച്ചക്കറി കൃഷി തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ജൂൺ മാസം നാലാം തീയതി തുടങ്ങുന്ന പരിശീലനങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. **നാളികേര കർഷകരുടെ ശ്രദ്ധയ്ക്ക്**

കാലവർഷത്തിനു മുന്നോടിയായുള്ള വേനൽമഴ ആവശ്യത്തിന് ലഭിക്കുകയും കാലവർഷം നേരത്തെ ആരംഭിക്കുകയും ചെയ്താൽ മഴയെ മാത്രം ആശ്രയിക്കുന്ന തോട്ടങ്ങളിലെ തെങ്ങുകൾക്ക് ശുപാർശ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്തിരിക്കുന്ന രാസവളത്തിന്റെ മൂന്നിലൊന്ന് മെയ് മാസം അവസാനത്തോടെ തടത്തിൽ ചേർത്ത് കൊടുക്കാവുന്നതാണ്. പക്ഷേ മഴ തുടർച്ചയായി ലഭിക്കുന്ന സാഹചര്യത്തിൽ മഴ കുറയുന്നത് വരെ തെങ്ങുകളിൽ വള പ്രയോഗം നടത്താൻ പാടില്ല .

- തെങ്ങുകളിൽ കൂമ്പ് ചീയൽ രോഗം ബാധിക്കാൻ ഏറ്റവും അനുയോജ്യമായ സാഹചര്യമാണ് നിലനിൽക്കുന്നത് .മഴ കുറഞ്ഞുടനെ തന്നെ ഇനി പറയുന്ന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്
- തെങ്ങുകളുടെ മണ്ട കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക.
- 1% വീര്യമുള്ള ബോർഡോ മിശ്രിതം നാമ്പോലയിലും ചുറ്റുമുള്ള ഓലകളിലും തളിക്കുക
- സുഷിരങ്ങൾ ഇട്ട പോളിത്തീൻ പായ്ക്കുകളിൽ 5 ഗ്രാം മാൻകോസീബ് എന്ന കുമിൾനാശിനി നാമ്പോലക്ക് തൊട്ട് താഴെയുള്ള 2-3 ഓല കവിളുകളിൽ വയ്ക്കുക.
- അഥവാ രോഗബാധ ഉണ്ടെങ്കിൽ നാമ്പോലയുടെ അഴുകിയ ഭാഗം മൂർച്ചയുള്ള കത്തി കൊണ്ട് മുറിച്ചു മാറ്റി വൃത്തിയാക്കിയ ശേഷം അവിടെ 10% വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുകഈ ഭാഗം . കുന്നത് വരെ പോളിത്തഅടുത്ത പുതു നാമ്പ് ഉണ്ടാീൻ ഷീറ്റ് കൊണ്ട് പൊതിഞ്ഞു മഴവെള്ളം കയറാതെ സൂക്ഷിക്കണം.
- തെങ്ങ് കൃഷി സംബന്ധിച്ച സംശയനിവാരണത്തിനായി ഈ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്

  9446283898/9446540856/ 9995447195